പതിനാലാം കേരള നിയമസഭ

പതിനഞ്ചാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.5958

04/07/2019-ൽ
മറുപടിയ്ക്ക്

## ഏറനാട് മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

ചോദ്യം

**ശ്രീ.പി.കെ.ബഷീർ**

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സർക്കാർ /എയ്ഡഡ് മേഖലയിലെ സ്കൂളുകളുടെ വികസനത്തിന് എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

മറുപടി

പ്രൊഫ.സി.രവീന്ദ്രനാഥ്
(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സർക്കാർ /എയ്ഡഡ് മേഖലയിലെ സ്കൂളുകളുടെ വികസനത്തിനായി നാല് മേഖലകളിൽ ഊന്നിയുള്ള പ്രവർത്തനങ്ങളാണ് നടത്തിയത്.

1. ഭൗതിക സൗകര്യവികസനം
2. സാങ്കേതികവിദ്യാസൗഹൃദ ക്ലാസ്സ് മുറികൾ/വിദ്യാലയം
3. അക്കാദമിക പ്രവർത്തനങ്ങൾ
4. സമൂഹ പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ

ഭൗതിക സൗകര്യ വികസനത്തിനുള്ള പ്രവർത്തനങ്ങളുടെ ഒന്നാം ഘട്ടം എന്ന നിലയ്ക്ക് 2017-18 വർഷം, ഒരു നിയോജക മണ്ഡലത്തിലെ ഒരു സ്കൂൾ വീതം തെരഞ്ഞെടുത്ത് 5 കോടി 'കിഫ്ബി' ധനസഹായത്തോടെ മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതിയുടെ ഭാഗമായി 141 സ്കൂളുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ 137 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. ബാക്കി സ്കൂളുകളുടെ ടെണ്ടർ നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ കിഫ്ബിയുടെ 3 കോടി ധനസഹായത്തോടെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 229 സ്കൂളുകളെ തെരഞ്ഞെടുക്കുകയും അതിൽ 70 സ്കൂളുകൾക്ക് കിഫ്ബി ധനസഹായം അനുവദിക്കുകയും ടെണ്ടർ നടപടി പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 115 സ്കൂളുകളുടെ DPR കിഫ്ബി അംഗീകരിച്ച് ടെണ്ടർ നടപടികൾ പൂർത്തിയാക്കി വരുന്നു. ബാക്കിയുള്ള സ്കൂളുകൾക്ക് 'കിഫ്ബി' അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ

സ്വീകരിച്ച വരുന്നു. കൂടാതെ 2018-19 വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ കിഫ്ബി ധനസഹായത്തോടെ 1000 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന 166 സ്കൂളുകൾക്ക് 3 കോടി രൂപയുടേയും 500 - 1000 കുട്ടികൾ പഠിക്കുന്ന 446 സ്കൂളുകൾക്ക് ഒരു കോടി രൂപയുടേയും നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ പ്ലാൻ ഫണ്ടിലുൾപ്പെടുത്തിയും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഇതിനുപുറമേ എയ്ഡഡ് വിദ്യാലയങ്ങളുടെ ഭൗതിക സൗകര്യ വികസനത്തിനായി ചലഞ്ച് ഫണ്ടും നൽകി വരുന്നു.

(ബി) ഏറനാട് മണ്ഡലത്തിൽ നിന്നുള്ള ഏതൊക്കെ സ്കൂളുകളെയാണ് മികവിന്റെ കേന്ദ്രം, അടിസ്ഥാന സൗകര്യ വികസനം, യു.പി സ്കൂൾ വികസനം എന്നീ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; സ്കൂളുകളുടെ വിശദാംശം, ഭരണാനുമതി, പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ, ഇല്ലെങ്കിൽ എപ്പോൾ ആരംഭിക്കും എന്നുള്ള വിശദാംശം ഉൾപ്പെടെ ലഭ്യമാക്കാമോ?

(ബി) 1) മികവിന്റെ കേന്ദ്രം - കുഴിമണ്ണ ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

2) അടിസ്ഥാന സൗകര്യ വികസനം - ജി.വി.എച്ച്.എസ്.എസ് കീഴുപറമ്പ്

ജി.എച്ച്.എസ്.എസ് അരീക്കോട്,

സീതിഹാജി മെമ്മോറിയൽ ഡി.വി.എച്ച്.എസ്.എസ് എടവണ്ണ, ജി.എച്ച്.എസ്.എസ്, കാവനൂർ എന്നിവയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച വരുന്നു.

3) 1000 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന സ്കൂളുകൾ - ജി.എച്ച്.എസ് പേരകമണ്ണ,

ജി.യു.പി.എസ് പത്തപ്പിരിയം,

ജി.എച്ച്.എസ്.എസ് എരഞ്ഞിമങ്ങാട് എന്നീ സ്കൂളുകൾക്ക് 3 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

4) 500 നും 1000 നുമിടയിൽ കുട്ടികൾ പഠിക്കുന്ന സ്കൂളുകൾ - വടശ്ശേരി ജി.എച്ച്.എസ്.എസ്,

ജി.എം.യു.പി.എസ് മുണ്ടംപ്ര,

ജി.യു.പി.എസ് മൂർക്കനാട്,

ജി.യു.പി.എസ് മൈത്ര,

ജി.എച്ച്.എസ് വെറ്റിലപ്പാറ,

ജി.യു.പി.എസ് എരഞ്ഞിമങ്ങാട്.
ജി.എം.യു.പി.എസ് അരീക്കോട്,

ജി.എൽ.പി.എസ് കീഴുശ്ശേരി,

ജി.യു.പി.എസ് ചെങ്ങറ,

ജി.എച്ച്.എസ് പന്നിപ്പാറ എന്നീ സ്കൂളുകൾക്ക് ഒരു കോടി രൂപയുടേയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

Namitha P

സെക്ഷൻ ഓഫീസർ